**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** **14-07-2022 - ൽ മറുപടിയ്ക്ക്**

**'കുരുമുളക് സമിതി'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ കുരുമുളക് സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; സമിതിയുടെ രൂപീകരണ മാനദണ്ഡവും, ഉദ്ദേശലക്ഷ്യവും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കുരുമുളക് സമിതികൾ 1955 ലെ പന്ത്രണ്ടാമത് തിരുവിതാംകൂർ കൊച്ചി ശാസ്ത്രീയ ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ അനുസരിച്ചും 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI അനുസരിച്ചും പ്രവർത്തിച്ചുവരുന്നു.<br><br>സംഘത്തിന്റെ അധികാരാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് കായ്ഫലമുള്ള 50 താങ്ങ്കാല് കുരുമുളക് ചെടി സ്വന്തമായുള്ള കർഷകർക്ക് അംഗത്വം നൽകുന്നു.<br><br>**സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**<br><br>1) പ്രവർത്തന പരിധിയിലുള്ള കുരുമുളക് കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.<br><br>2) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സാംസ്കാരികവും വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുകയും സംഘാംഗങ്ങൾക്കായി ഉചിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക .<br><br>3) കുരുമുളകു മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിൽ പങ്കെടുക്കുകയും, പഠന പര്യടനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.<br><br>4) ഉത്പാദനം, സംഭരണം, സംസ്കരണം,വിപണനം എന്നിവയിലുള്ള നൂതന സാങ്കേതിക വിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്നു നൽകുക.<br><br>5) കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കാർഷിക ഗവേഷണ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന |

| | | | |
|---|---|---|---|
| | | | കൃഷി രീതികൾ അവലംബിക്കുക.<br><br>6) ചെറുകിട കർഷകരുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുകയും സംഭരണം, സംസ്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും കർഷകരെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.<br><br>7) കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷിച്ചെലവുകൾ കുറയ്ക്കുക.<br><br>8) അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.<br><br>9) വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുക.<br><br>10) കുരുമുളകിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രാഥമിക സംസ്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br><br>11) അംഗങ്ങളുടെ കുരുമുളക് സ്വരൂപിച്ച് കൂട്ടായി വിപണനം നടത്തുക.<br><br>12) ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.<br><br>13) സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരേതര ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര സമിതികളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ 640 സമിതികളാണ് പ്രവർത്തിക്കുന്നത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | ജില്ല | പ്രവർത്തനക്ഷമമായ കുരുമുളക് സമിതികളുടെ എണ്ണം |
|---|---|---|
| 1 | കോട്ടയം | 1 |
| 2 | ഇടുക്കി | 120 |
| 3 | പാലക്കാട് | 2 |
| 4 | കോഴിക്കോട് | 24 |
| 5 | വയനാട് | 471 |
| 6 | കണ്ണൂർ | 20 |
| 7 | കാസർഗോഡ് | 2 |
| | **ആകെ** | **640** |